ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ കാര്യാലയം
തൈക്കാട്, തിരുവനന്തപുരം-14.

ഇ-മെയിൽ : director.ims@kerala.gov.in ഫോൺ നം : 0471-2323960

വെബ്സൈറ്റ് : www.ims.kerala.gov.in

**No: F4-965/2026/DIMS** **തീയതി :07-10-2026**

## സർക്കുലർ

**വിഷയം :-** ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് – അക്കൗണ്ട്സ് – ഇ.എസ്.ഐ ഡിസ്പെൻസറികളിൽ ചെലവഴിക്കൽ/വാങ്ങൽ നടപടികൾ വാങ്ങുന്നത് - സംബന്ധിച്ച്

എല്ലാ ESI ആശുപത്രികളുടെയും ESI ഡിസ്പെൻസറികളുടെയും സ്ഥാപന മേധാവികൾ, അവരുടെ അധികാര പരിധിക്ക് പുറത്തുള്ള ഏതൊരു ചെലവഴിക്കൽ/വാങ്ങൽ നടപടിക്കും ക്വട്ടേഷൻ ക്ഷണിക്കുന്നതിനും വാങ്ങുന്നതിനും ഡയറക്ടറുടെ മുൻകൂർ അനുമതി നിർബന്ധമായും വാങ്ങേണ്ടതാണ്.

അധികാര പരിധിക്ക് മുകളിൽ മുൻകൂർ അനുമതിയില്ലാതെ ചെലവഴിക്കൽ/വാങ്ങൽ നടപടി സ്വീകരിക്കുന്ന പക്ഷം, പ്രസ്തുത നടപടിയുടെ ഉത്തരവാദിത്വവും അതുമൂലമുണ്ടാകുന്ന സാമ്പത്തിക ബാധ്യതയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി മാറുന്നതാണ്.

അത്യാവശ്യ സാഹചര്യങ്ങളിൽ മുൻകൂർ അനുമതി ലഭ്യമാക്കുന്നതിന് സാധിക്കാത്തവിധം അടിയന്തിരമായി ഏതെങ്കിലും ഇനം വാങ്ങുകയോ ചെലവഴിക്കുകയോ ചെയ്യേണ്ട സാഹചര്യമുണ്ടായാൽ, അത്തരം നടപടി സ്വീകരിക്കേണ്ടി വന്നതിന്റെ വ്യക്തമായ കാരണങ്ങളും സാഹചര്യങ്ങളും വിശദീകരിച്ചുകൊണ്ട് ഡയറക്ടറുടെ സാധൂകരണത്തിനായി അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.

ഭാവിയിൽ ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുന്നതിനും നിലവിലുള്ള ധനവിനിയോഗ/അധികാര പരിധികൾ കൃത്യമായി പാലിക്കുന്നതിനും എല്ലാ സ്ഥാപന മേധാവികളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

Digitally signed by
Rani Prasad
Date: 07-10-2026
13:53:00

**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ (I/C)**

സ്വീകർത്താവ്

1: എല്ലാ ESI ആശുപത്രി സൂപ്രണ്ടുമാർക്കും

2: എല്ലാ ESI ആശുപത്രികളിലെയും Lay Secretary & Treasurer-മാർക്കും

3: എല്ലാ ESI ഡിസ്പെൻസറികളിലെയും ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാർക്കും

പകർപ്പ് :-

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,ദക്ഷിണ മേഖല/ മദ്ധ്യ മേഖല/ഉത്തര മേഖല
2. ഫയൽ/സ്റ്റോക്ക് ഫയൽ